# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5564 18/11/2019-ൽ മറുപടിക്ക്

## സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ഡെന്റിസ്റ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ക്യാൻസർ വായിലെ അർബുദം ആണെന്നിരിക്കെ പ്രാരംഭത്തിൽത്തന്നെ ആയത് കണ്ടുപിടിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാന ആരോഗ്യ വകുപ്പ് പ്രാഥമികാരോഗ്യ തലം മുതൽ വദനാർബുദത്തിന്റെ സ്ക്രീനിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രിയിൽ ദന്തൽ വിംഗിനോട് അനുബന്ധിച്ച് ഓറൽ കാൻസർ ഡിറ്റക്ഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയിൽ ഉൾപ്പെടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രീ-ചെക്ക് സംവിധാനത്തിൽ തന്നെ വദനാർബുദത്തിന്റെ സ്ക്രീനിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ആർ.സി.സിയിലും, ആർ.സി.സി. യുടെ എറണാകുളം, പാലക്കാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ ഏർളി കാൻസർ ഡിറ്റക്ഷൻ സെന്ററുകളിലും വായിലെ കാൻസർ കണ്ടുപിടിക്കുന്നതിനുള്ള മുൻകൂർ കാൻസർ രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ആർ.സി.സി യുടെ മേൽ നോട്ടത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽ കാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രത്യേകിച്ചും വായിലെ കാൻസർ കൂടുതലായും കണ്ടു വരുന്ന ഉൾനാടൻ മേഖലകളിലും കടലോര പ്രദേശങ്ങളിലും ക്യാമ്പുകൾ നടത്തി വരുന്നു. കാൻസറിനെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഇത്തരം പ്രദേശങ്ങളിൽ ബോധവത്ക്കരണ പരിപാടികളും നടത്തി വരുന്നുണ്ട്. |
| ബി) | നിലവിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ഡെന്റിസ്റ്റ്മാരുടെ സേവനം ഏർപ്പാടാക്കുകയാണെങ്കിൽ ഓറൽ ക്യാൻസർ പ്രാരംഭത്തിൽത്തന്നെ കണ്ടെത്തുവാനും ചികിത്സിക്കുവാനും സാധിക്കില്ലേയെന്ന്അറിയിക്കാമോ; | ബി) | ഓറൽ കാൻസറും (വദനാർബുദം) മറ്റ് പ്രീ കാൻസറസ് അസുഖങ്ങളും (Potentially Malignant Oral Lesions) പ്രാരംഭത്തിൽ തന്നെ കണ്ടുപിടിക്കുകയാണെങ്കിൽ പ്രീ കാൻസറസ് അസുഖങ്ങൾക്ക് ചികിത്സ ലഭ്യമാക്കാം. പക്ഷെ കാൻസറിന്, (Established Oral Cancer) -നെ ചികിത്സിക്കാൻ നമ്മുടെ സംസ്ഥാനത്തിലെ മൂന്ന് കാൻസർ സെന്ററുകളിലും വയനാട് ജില്ലയിലെ നല്ലൂർനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലും എറണാകുളം ജനറൽ ആശുപത്രിയിലും കഴിയും. |

| | | | |
|---|---|---|---|
| സി) | സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ഡെന്റൽ സർജൻമാരെ നിയമിച്ച് ഡെന്റൽ സംവിധാനം ഏർപ്പാടാക്കുവാനായുള്ള നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ; | സി) & ഡി) | ഇത് സംബന്ധിച്ച് സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| ഡി) | ദന്ത വിഭാഗത്തിൽ സൃഷ്ടിക്കേണ്ട തസ്തികകൾ ഉൾപ്പെട്ട സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ട് എത്ര നാളായെന്നും, ഇപ്പോൾ അത്ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ